# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1260 | 11.06.2019-ൽ മറുപടിക്ക് |
|---|---|

**രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി.പി.അയിഷാ പോറ്റി** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; | എ) യും ബി) യും | കിഫ്ബിയുടെ ധനസഹായത്തോടെ രജിസ്ട്രേഷൻ വകുപ്പിലെ 51 ഓഫീസുകൾക്ക് (തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് രജിസ്ട്രേഷൻ കോംപ്ലക്സുകൾ ഉൾപ്പെടെ) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ആറ്റിങ്ങൽ സബ് രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണികൾക്കുമായി 05/12/2017-ലെ സ.ഉ.(സാധാ)995/17/നി.വ. നമ്പർ ഉത്തരവ് പ്രകാരം 100 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയും തൽസ്ഥിതി വിവരം അനുബന്ധം II ആയും ചേർക്കുന്നു. |
| ബി) | കിഫ്ബി ധനസഹായത്തോടെ ഏതെല്ലാം രജിസ്ട്രേഷൻ ആഫീസുകൾ നവീകരിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്; ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - 2016-17 ലെ ബഡ്ജറ്റ് പ്രകാരം കിഫ്ബി മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ- 52 ഓഫീസുകളുടെ നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി (ഇ) വകുപ്പ്

സ.ഉ.(സാധാ) നം./995/2017/നി.വ   തീയതി,തിരുവനന്തപുരം, 05/12/2017

---

പരാമർശം:- 1. 08.08.2016ലെ ജി.ഒ.(എം.എസ്)135/16/ഫിൻ നമ്പർ ഉത്തരവ്

2. 25.02.2017ലെ ജി.ഒ.(ആർ.റ്റി)140/17/നിവ നമ്പർ ഉത്തരവ്

3. 14.09.2017ലെ ജി.ഒ.(ആർ.റ്റി)753/17/നിവ നമ്പർ ഉത്തരവ്

4. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 10.11.2017ലെ ഫിൻ-5/131/16, 23.10.2017ലെ ഫിൻ5-/4207/16 എന്നീ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

2016-17 ലെ ബഡ്ജറ്റ് പ്രകാരം കിഫ്ബി മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപ നീക്കി വച്ചിരുന്നു. ഇത് പ്രകാരം മൂന്ന് രജിസ്ട്രേഷൻ കോംപ്ലക്സുകൾ ഉൾപ്പെടെ 15 രജിസ്ട്രേഷൻ ഓഫീസുകളുടെ നിർമ്മാണത്തിന് 49.75 കോടി രൂപയുള്ള പ്രവർത്തികൾക്ക് പരാമർശം (2)ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും പരാമർശം (3) പ്രകാരം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ Special Purpose Vehicle ആയി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 100 കോടി രൂപയ്ക്ക് മുകളിലുള്ള പ്രോജക്ടുകൾ മാത്രമേ കിഫ്ബി ഏറ്റെടുക്കുകയുള്ളൂ എന്നതിനാൽ മേൽ പറഞ്ഞ 15 ഓഫീസുകൾക്ക് പുറമേ 37 ഓഫീസുകളുടെ നിർമ്മാണത്തിന് കൂടിയുള്ള പ്ലാനും എസ്റ്റിമേറ്റും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ലഭ്യമാക്കുകയും അതുപ്രകാരം 52 ഓഫീസുകളുടെ നിർമ്മാണത്തിന് ആവശ്യമായിവരുന്ന 105,30,65,000/- രൂപയുടെ നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പരാമർശം (4)ലെ 23.10.2017ലെ കത്തുപ്രകാരം അപേക്ഷിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)ലെ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക വിധേയമായി താഴെപ്പറയുന്ന 52 ഓഫീസുകളുടെ കെട്ടിടനിർമ്മാണത്തിന് ആവശ്യമായിവരുന്ന 100 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾക്ക് തത്വത്തിൽ ഭരണാനുമതി നൽകിയും, പരാമർശം (2)ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| പുതിയ കെട്ടിട നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള ഓഫീസുകൾ | |
|---|---|
| ജില്ല | ഓഫീസുകളുടെ പേര് |
| തിരുവനന്തപുരം | മലയിൻകീഴ്, കന്യാകുളങ്ങര, നേമം രജി.കോംപ്ലക്സ്, വർക്കല, ചിറയിൻകീഴ്, തിരുവല്ലം, കാഞ്ഞിരംകുളം, ആറ്റിങ്ങൽ (അറ്റകുറ്റപ്പണികൾ), നാവായിക്കുളം |

| | |
|---|---|
| കൊല്ലം | കൊല്ലം |
| ആലപ്പുഴ | മാരാരിക്കുളം |
| കോട്ടയം | കോട്ടയം രജി . കോംപ്ലക്സ്, കടുത്തുരുത്തി |
| ഇടുക്കി | തൊടുപുഴ, ഉടുമ്പൻചോല, തോപ്രാംകുടി |
| എറണാകുളം | കോതമംഗലം, കുഴുപ്പിള്ളി |
| തൃശ്ശൂർ | ഒല്ലൂർ, കുന്നംകുളം, അക്കിക്കാവ്, അണ്ടത്തോട്, പഴയന്നൂർ, തൃപ്രയാർ, കല്ലേറ്റുംകര |
| പാലക്കാട് | ഒറ്റപ്പാലം, ചെർപ്പുളശ്ശേരി, തൃത്താല, കുഴൽമന്ദം |
| മലപ്പുറം | കുറ്റിപ്പുറം, കൽപകഞ്ചേരി, താനൂർ, തേഞ്ഞിപ്പാലം, മലപ്പുറം, പരപ്പനങ്ങാടി |
| കോഴിക്കോട് | കോഴിക്കോട് രജി.കോംപ്ലക്സ്, വെസ്റ്റ്ഹിൽ, ചാത്തമംഗലം, വില്യാപ്പിള്ളി, പയ്യോളി, ഫറോക്ക്, പേരാമ്പ്ര, അഴിയൂർ, നാദാപുരം, നടുവണ്ണൂർ, ചേളന്നൂർ, തിരുവള്ളൂർ |
| വയനാട് | മാനന്തവാടി |
| കണ്ണൂർ | തളിപ്പറമ്പ് (rough cost estimate), ഉളിയിൽ (rough cost estimate) |
| കാസറഗോഡ് | ഉദുമ, തൃക്കരിപ്പൂർ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് ആലം ഐ.എ.എസ്
സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് & എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ജില്ലാ രജിസ്ട്രാർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
തീർപ്പുഫയൽ ജി.ഒ.(ആർ.റ്റി)140/17/നിവ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് : ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ സിദ്ധീകരിക്കുന്നതിന്)

സെക്ഷൻ ഓഫീസർ

| കിഫ്ബി മുഖേനയുള്ള രജിസ്ട്രേഷൻ വകുപ്പിലെ കെട്ടിട നിർമ്മാണ പദ്ധതി - തൽസ്ഥിതി വിവരം | | | |
|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവല്ലം | കെട്ടിട നിർമ്മാണ പെർമിറ്റ് തിരുവനന്തപുരം നഗരസഭയിൽ നിന്നും ലഭിക്കുന്നതിന് പരിഷ്കരിച്ച പ്ലാൻ സമർപ്പിച്ചിട്ടുണ്ട്. |
| 2 | | വർക്കല | കെട്ടിട നിർമ്മാണ അനുമതിയ്ക്കായി സോണൽ എക്സംപ്ഷന് വേണ്ടി പരിഷ്കരിച്ച സൈറ്റ് പ്ലാനും അപേക്ഷയും മേഖലാ നഗരാസൂത്രണ കാര്യാലയത്തിലേക്ക് അയച്ചിട്ടുണ്ട്. |
| 3 | | ചിറയിൻകീഴ് | ടെണ്ടർ തുറന്നു. ടെണ്ടർ കമ്മിറ്റിയുടെ അനുമതി ലഭിക്കേണ്ടതുണ്ട്. |
| 4 | | ആറ്റിങ്ങൽ | അറ്റകുറ്റപ്പണികൾ നടന്നുവരുന്നു. |
| 5 | | രജിസ്ട്രേഷൻ കോംപ്ലക്സ്, നേമം | പരിഷ്കരിച്ച പ്ലാനിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 6 | | നാവായിക്കുളം | 21 പില്ലറുകളിൽ 17 എണ്ണം പൂർത്തികരിച്ചിട്ടുണ്ട് |
| 7 | | കാഞ്ഞിരംകുളം | ഫൗണ്ടേഷൻ നിർമ്മാണം നടന്നു വരുന്നു. |
| 8 | | കന്യാകുളങ്ങര | നിർദ്ദിഷ്ട സൈറ്റിൽ നിന്നും പൊട്ടിച്ചുമാറ്റിയ പാറ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നനു |
| 9 | | മലയിൻകീഴ് | നിർദ്ദിഷ്ട സൈറ്റിൽ നിന്നും പൊട്ടിച്ചുമാറ്റിയ പാറ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നനു |
| 10 | കൊല്ലം | കൊല്ലം | നിലവിലെ കെട്ടിടം ഒരു കെട്ടിട സമുച്ചയത്തിന്റെ ഭാഗമായതിനാൽ അത് മാത്രം പൊളിക്കുന്നത് മറ്റു കെട്ടിടഭാഗങ്ങൾക്ക് ബലക്ഷയം ഉണ്ടാക്കുമെന്നതിനാൽ കെട്ടിട നിർമ്മാണ നടപടി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| 11 | ആലപ്പുഴ | മാരാരിക്കുളം | കെട്ടിടം ലിന്റൽ & സൺ ഷെയ്ഡ് ലെവൽ വരെയായി. |
| 12 | കോട്ടയം | കോട്ടയം രജിസ്ട്രേഷൻ കോംപ്ലക്സ് | ടെൻഡർ നടപടികൾ പൂർത്തിയായി എഗ്രിമെന്റ് ഒപ്പുവെച്ചു |
| 13 | | കടുത്തുരുത്തി | ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. ജി.എസ്.ടി. റേറ്റ് കൂടിയിട്ടുള്ളതിനാൽ, ടി തുക കൂടി ഉൾപ്പെടുത്തി പുതുക്കിയ അനുമതി ലഭിക്കേണ്ടതുണ്ട്. |
| 14 | ഇടുക്കി | തൊടുപുഴ | കെട്ടിട നിർമ്മാണം നടന്നു വരുന്നു. ഫൗണ്ടേഷൻ പൂർത്തിയായി |
| 15 | | തോപ്രാംകുടി | കെട്ടിട നിർമ്മാണം നടന്നു വരുന്നു. ഫൗണ്ടേഷൻ പൂർത്തിയായി |
| 16 | | ഉടുമ്പൻചോല | കെട്ടിട നിർമ്മാണം നടന്നു വരുന്നു. ഫൗണ്ടേഷൻ പൂർത്തിയായി |
| 17 | എറണാകുളം | കുഴുപ്പിള്ളി | ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായി |
| 18 | | കോതമംഗലം | ഫൗണ്ടേഷൻ നിർമ്മാണം ആരംഭിച്ചു. |
| 19 | | അക്കിക്കാവ് | ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായി. |

| | | | |
|---|---|---|---|
| 20 | തൃശ്ശൂർ | അണ്ടത്തോട് | സൈറ്റ് ഒരുക്കൽ നടപടി നടക്കുന്നു. |
| 21 | | കല്ലേറ്റുംകര | ബിൽഡിംഗ് പൂർണ്ണമായും പൊളിച്ചു മാറ്റി. സൈറ്റ് ക്ലിയർ ചെയ്തിട്ടുണ്ട്. |
| 22 | | കുന്ദംകുളം | ബിൽഡിംഗിന്റെ വാർപ്പ് പണി, ചുമരുകളുടെ പണി എന്നിവ ഏകദേശം പൂർത്തിയായി. പുറം ചുവരുകളുടെ പ്ലാസ്റ്ററിംഗ് ജോലികൾ പൂർത്തിയായിട്ടുണ്ട്. |
| 23 | | മുണ്ടൂർ | ടെണ്ടർ നടപടികൾ നടന്നു വരുന്നു. |
| 24 | | പഴയന്നൂർ | കെട്ടിടം ലിന്റൽ & സൺ ഷെയ്ഡ് ലെവൽ വരെയായി |
| 25 | | തൃപ്രയാർ | വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| 26 | പാലക്കാട് | കുഴൽമന്ദം | നിർമ്മാണ സൈറ്റുമായി ബന്ധപ്പെട്ട് കേസ് നിലവിലുള്ളതിനാൽ പുതിയ കെട്ടിട നിർമ്മാണം നാളിതുവരെയും ആരംഭിച്ചിട്ടില്ല. |
| 27 | | ഒറ്റപ്പാലം | പഴയ കെട്ടിടം പൊളിക്കുന്ന നടപടികൾ നടന്നുവരുന്നു. |
| 28 | | തൃത്താല | ഫൗണ്ടേഷൻ വർക്കുകൾ പുരോഗമിക്കുന്നു. |
| 29 | | ചെർപ്പുളശ്ശേരി | ഫൗണ്ടേഷൻ വർക്കുകൾ പുരോഗമിക്കുന്നു |
| 30 | മലപ്പുറം | കുറ്റിപ്പുറം | ഗ്രൗണ്ട് ഫ്ലോറിന്റെ പില്ലർ പണി പൂർത്തിയായി. ഒന്നാം നിലയുടെ നിർമ്മാണം നടന്നു വരുന്നു. |
| 31 | | കൽപകഞ്ചേരി | ഗ്രൗണ്ട് ഫ്ലോറിന്റെ മെയിൻ സ്ലാബ് പണി പൂർത്തിയായി. ഒന്നാം നിലയുടെ സ്ലാബും പണി പൂർത്തിയായി. |
| 32 | | തേഞ്ഞിപ്പലം | രണ്ടാം നിലയുടെ പണി നടക്കുന്നു. |
| 33 | | താനൂർ | ഗ്രൗണ്ട് ഫ്ലോറിന്റെ സ്ലാബ് പണി പൂർത്തിയായി. |
| 34 | | മലപ്പുറം | വർക്ക് ഓർഡർ നൽകി. |
| 35 | | പരപ്പനങ്ങാടി | വർക്ക് ഓർഡർ നൽകി. |
| 36 | കോഴിക്കോട് | രജിസ്ട്രേഷൻ കോംപ്ലക്സ് | കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്. |
| 37 | | വെസ്റ്റ് ഹിൽ | വർക്ക് ഓർഡർ നൽകി. |
| 38 | | ചാത്തമംഗലം | ടെണ്ടർ നടപടി പൂർത്തിയായി. |
| 39 | | വില്യാപ്പള്ളി | വർക്ക് ഓർഡർ നൽകി. |
| 40 | | പയ്യോളി | രണ്ടാം നിലയുടെ കോൺക്രീറ്റ് കഴിഞ്ഞു. |
| 41 | | ഫറോക്ക് | വർക്ക് ഓർഡർ നൽകി. |
| 42 | | പേരാമ്പ്ര | രണ്ടാം നിലയുടെ കോൺക്രീറ്റ് കഴിഞ്ഞു. |
| 43 | | അഴിയൂർ | വർക്ക് ഓർഡർ നൽകി. |
| 44 | | നാദാപുരം | ഒന്നാം നിലയുടെ പണി നടക്കുന്നു. |

| | | | |
|---|---|---|---|
| 45 | | നടുവണ്ണൂർ | ഒന്നാം നിലയുടെ പണി നടക്കുന്നു. |
| 46 | | ചേളന്നൂർ | കെട്ടിട നിർമ്മാണം ആരംഭിച്ചു. |
| 47 | | തിരുവള്ളൂർ | വർക്ക് ഓർഡർ നൽകി. |
| 48 | വയനാട് | മാനന്തവാടി | വർക്ക് ഓർഡർ നൽകി. എന്നാൽ ലേലത്തിൽ പങ്കെടുത്തവരിൽ ഒരാൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് എതിരായി കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 49 | കണ്ണൂർ | തളിപ്പറമ്പ് | കെട്ടിടം ലിന്റൽ & സൺ ഷെയ്ഡ് ലെവൽ വരെയായി |
| 50 | | ഉളിയിൽ | ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 51 | കാസറഗോഡ് | തൃക്കരിപ്പൂർ | ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 52 | | ഉദുമ | ഡേറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത നിർദ്ദിഷ്ട ഭൂമി റവന്യൂ റിക്കോർഡുകൾ പ്രകാരം വെറ്റ് ലാൻഡിൽ ഉൾപ്പെട്ടതായതിനാൽ പരിവർത്തനാനുമതിക്കായി നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ